പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.146 | 06.03.2017-ൽ മറുപടിയ്ക്ക് |
|---|---|

**ജൈവ മാലിന്യത്തിൽ നിന്നും വൈദ്യുതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എൻ. ഷംസീർ<br>ശ്രീ.കെ.വി വിജയദാസ്<br>ശ്രീ.കാരാട്ട് റസാക്ക്<br>ശ്രീ.ജോർജ്.എം.തോമസ് | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ജൈവ മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;വിശദാംശം നൽകുമോ | (എ) സംസ്ഥാന തലത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. 2 പ്ലാന്റുകൾ (കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലും, സുൽത്താൻ ബത്തേരി നഗരസഭയിലും) അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേന പി.പി.പി./ബി.ഒ.റ്റി അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കൊടകര, നരിക്കുനി, വാണിമേൽ, ആമ്പല്ലൂർ, പോത്താനിക്കാട്, കാലടി, നെടുമ്പാശേരി, ഉദയംപേരൂർ മുതലായ പഞ്ചായത്തുകളിൽ ജൈവ മാലിന്യത്തിൽ നിന്നും ചെറിയ തോതിൽ വൈദ്യുതി ഉല്പാദിപ്പിച്ച് മാർക്കറ്റുകളിലും അതിനോട് ചേർന്ന ജംഗ്ഷനുകളിലും തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) 1) M/s. G.J.Nature Care Consortium (G.J. Nature Care & Energy Pvt. Ltd., Ernakulam (Lead Member), Biomass Power Ltd. UK, London Investment Ltd., UK) എന്നീ ഏജൻസികളുടെ പങ്കാളിത്തത്തോടെ തെർമൽ ടെക്നോളജിയിൽ അധിഷ്ഠിതമായ ഗ്യാസിഫിക്കേഷൻ പ്രക്രിയ ഉപയോഗപ്പെടുത്തി മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള പ്ലാന്റ് കൊച്ചി ബ്രഹ്മപുരത്ത് സ്ഥാപിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്.<br><br>2) ഡിഡാസ്ക് ബയോ - എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പങ്കാളിത്തത്തോടെ ബയോ മെഥനേഷൻ എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് സുൽത്താൻ ബത്തേരി നഗരസഭയിൽ |

| | | | |
|---|---|---|---|
| | | | പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>3) പഞ്ചായത്തുകളിൽ ബയോടെക് റിന്യൂവബിൾ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിയാണ് പദ്ധതി നടപ്പിലാക്കിയത് |
| (സി) | ഇതിന്റെ നിർമ്മാണ ചുമതല ആർക്കാണ്; | (സി) | 1) പി.പി.പി മാതൃകയിൽ ബ്രഹ്മപുരത്ത് സ്ഥാപിക്കുവാനുദ്ദേശിക്കപ്പെടുന്ന മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണ ചുമതല M/s. G.J.Nature Care Consortium (G.J Nature Care & Energy Pvt. Ltd., Ernakulam (Lead Member), Biomass Power Ltd. UK. London Investment Ltd., UK) എന്ന സ്ഥാപനത്തിനാണ്.<br>2) BOT അടിസ്ഥാനത്തിൽ സുൽത്താൻ ബത്തേരി നഗരസഭയിൽ സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണ ചുമതല ഡിഡാസ്ക് ബയോ-എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ്. |
| (ഡി) | എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | പൈലറ്റ് പദ്ധതികളായി നടപ്പിലാക്കുന്ന ടി 2 പദ്ധതികളുടെയും വിജയത്തെ അടിസ്ഥാനപ്പെടുത്തി മാത്രമേ തുടർ നടപടികൾ സർക്കാർതലത്തിൽ തീരുമാനിക്കാൻ കഴിയൂ. |

Liya

സെക്ഷൻ ഓഫീസർ